പരാതികളിന്മേൽ യഥാസമയം നടപടികളുണ്ടാകുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതെപ്പറ്റിയുള്ള വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലഭിക്കുന്ന പരാതികൾ ഇ-മെയിൽ മുഖാന്തിരം ജില്ലകളിലേയ്ക്ക് കൈമാറി ഉടൻനടപടികൾ സംബന്ധിച്ച റിപ്പോർട്ട് ഉറപ്പുവരുത്താറുണ്ട്. എന്നാൽ ജീവനക്കാരുടെയും വാഹനങ്ങളുടെയും കുറവുമൂലം പരാതി ലഭിക്കുന്ന സമയംതന്നെ ആയത് പരിശോധിക്കുവാൻ പരിമിതി നേരിടുന്നുണ്ട്. എന്നിരുന്നാലും ലഭിക്കുന്ന പരാതി മുഴുവൻ സമയബന്ധിതമായി പരിശോധിച്ച് നടപടി സ്വീകരിക്കാറുണ്ട്.

മായം ചേർത്ത വെളിച്ചെണ്ണ

78 (8138) ശ്രീ. സാജു പോൾ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ബി. സത്യൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

പാരഫിൻ, വാക്സ് തുടങ്ങിയ വസ്തുക്കൾ ചേർന്ന ഭക്ഷ്യ എണ്ണ ക്യാൻസർ ഉൾപ്പെടെയുള്ള മാരകരോഗങ്ങൾക്ക് കാരണമായേക്കാമെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വിഷാംശം വലിച്ചെടുക്കുന്ന ഔഷധക്കുട്ട്

79 (8139) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പഴങ്ങൾ, പച്ചക്കറി, ധാന്യങ്ങൾ എന്നിവയിലെ വിഷാംശം വലിച്ചെടുക്കുന്നതിനായി കാസർഗോഡ് സ്വദേശിയായ ഡോ. കെ. മോഹനൻ നീണ്ട ഗവേഷണത്തിനൊടുവിൽ ഔഷധക്കുട്ട് വികസിപ്പിച്ചെടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മാരകമായ കീടനാശിനികളും രാസവളങ്ങളും പ്രയോഗിക്കുന്നതുമൂലം പച്ചക്കറികളിലും പഴങ്ങളിലും ധാന്യങ്ങളിലും അടിഞ്ഞുകൂടുന്ന വിഷം പൂർണ്ണമായി വലിച്ചെടുക്കാൻ കഴിയുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly